**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2321** **30-09-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ സമ്പൂർണ അംഗൻവാടി കെട്ടിടനിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ 10 കോടി രൂപ ഉൾപ്പെടുത്തിയിട്ടുള്ള പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത മുഴുവൻ അംഗൻവാടികൾക്കും കെട്ടിട നിർമ്മാണത്തിന് സമ്പൂർണ അംഗൻവാടി കെട്ടിടനിർമ്മാണ പദ്ധതി (2024-25 -ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമനമ്പർ 973) എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | (എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് MGNREGS, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ ഫണ്ട് തുടങ്ങിയ ഫണ്ടുകൾ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. MGNREGS ഫണ്ട് വിനിയോഗിച്ച് നടത്തേണ്ട കെട്ടിട നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് MGNREGS മുഖേനയും അവശേഷിക്കുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റ് LSGD മുഖേനയും തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ MGNREGS പദ്ധതി പ്രകാരം 12 അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചതിൽ ലഭ്യമായ 4 പ്രൊപ്പോസലുകളിൽ നിന്നും നാളിതുവരെ 3 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. ശേഷിക്കുന്ന ഒന്നിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>LSGD വഴി നിർമ്മാണം നടത്താൻ തീരുമാനിച്ച 6 അങ്കണവാടികളുടെ പ്ലാനും എസ്റ്റിമേറ്റും ചീഫ് എഞ്ചിനീയർ വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്കു ലഭ്യമാക്കിയിട്ടുണ്ട് . നിർമ്മാണാനുമതി നൽകുന്നതിനാവശ്യമായി മറ്റ് അനുബന്ധ രേഖകൾ പ്രോഗ്രാം ഓഫീസുകളിൽ നിന്ന് ഡയറക്ടറേറ്റ് തലത്തിൽ ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

**പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ MGNREGS പദ്ധതി പ്രകാരം നിർമ്മാണാനുമതി നൽകിയ അങ്കണവാടികളുടെ വിശദാംശങ്ങൾ**

| ജില്ല | പ്രോജക്റ്റ് | ഗ്രാമ പഞ്ചായത്ത് | സെന്റർ നമ്പർ | എസ്റ്റിമേറ്റ് |
|---|---|---|---|---|
| കോട്ടയം | ഈരാറ്റുപേട്ട | തിടനാട് | 120 | 10 ലക്ഷം |
| കോട്ടയം | കാഞ്ഞിരപ്പള്ളി | എരുമേലി | 80 | 25 ലക്ഷം |
| കോട്ടയം | കാഞ്ഞിരപ്പള്ളി | എരുമേലി | 85 | 25 ലക്ഷം |

സെക്ഷൻ ഓഫീസർ